പത്രക്കുറിപ്പ്

# പെരുന്നാൾ ആഘോഷം: കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം

# വീട്ടമ്മയേയും ബന്ധുവിനേയും ആക്രമിച്ച കേസിലെ ഒന്നാം പ്രതി പിടിയിൽ

# സ്ത്രീയുടെ മാല പിടിച്ചു പറിച്ച പ്രതി പിടിയിൽ

തിരുവനന്തപുരം:- ബക്രീദ് പ്രമാണിച്ച് കടകൾ തുറക്കുന്നതിനും മറ്റും സർക്കാർ കൂടുതൽ ഇളവുകൾ അനുവദിച്ച സാഹചര്യത്തിൽ നഗരത്തിൽ പൊതുവെ തിരക്ക് അനുഭവപ്പെടുന്ന സാഹചര്യത്തിൽ രോഗ വ്യാപന സാധ്യത കണക്കിലെടുത്ത് പൊതുജനങ്ങൾ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

എല്ലാ വ്യാപാര സ്ഥാപനങ്ങളിലും അവിടത്തെ സ്ഥല പരിമിതിക്കനുസരിച്ച് കൃത്യമായ സാമൂഹിക അകലം പാലിച്ച് നിൽക്കാൻ കഴിയുന്ന എണ്ണം ആൾക്കാരെ മാത്രമേ പ്രവേശിപ്പിക്കാൻ പാടുള്ളൂ. ആയത് നിയന്ത്രിക്കുന്നതിനായി ആവശ്യത്തിന് ജീവനക്കാരെ നിയോഗിക്കേണ്ടത് സ്ഥാപന ഉടമയുടെ ഉത്തരവാദിത്തമാണ്. അതോടൊപ്പം കസ്റ്റമേഴ്സിന് സാനിറ്റൈസിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്. വസ്ത്ര വ്യാപാര സ്ഥാപനങ്ങളിലും മറ്റും ബില്ലിംഗ്, ക്യാഷ് കൗണ്ടറുകളിൽ തിരക്കുണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് കൂടുതൽ കൗണ്ടറുകൾ സജ്ജീകരിക്കേണ്ടതാണ്. ഇവ ഒരോ സ്റ്റേഷൻ

പരിധിയിലും എസ്.എച്ച്.ഒ മാരുടെ നേതൃത്വത്തിലുള്ള ടീം പരിശോധിക്കും. വീഴ്ച്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. സാധനങ്ങൾ വാങ്ങാൻ ഒരു വീട്ടിൽ നിന്നും കൂടുതൽ ആൾക്കാർ പോകാതെ ഒന്നോ രണ്ടോ പേർ മാത്രം പോകേണ്ടതും, തിരക്കു കുറഞ്ഞ കടകൾ തിരഞ്ഞെടുത്ത് കൃത്യമായി മാസ്ക് ധരിച്ചും സാമൂഹിക അകലം പാലിച്ചും സാധനങ്ങൾ വാങ്ങേണ്ടതുമാണ്.

ഈ ദിവസങ്ങളിൽ നഗരത്തിൽ നഗരത്തിൽ കർശനമായ വാഹന പരിശോധന നടത്തുമെന്നും കമ്മീഷണർ അറിയിച്ചു. വാഹനങ്ങളിൽ അനുവദനീയമായതിൽ കൂടുതൽ ആൾക്കാരെ കയറ്റിയോ, കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതയോ യാത്ര ചെയ്യുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

രോഗവ്യാപന നിരക്ക് കുറയാതിരിക്കുന്ന ഈ സാഹചര്യത്തിൽ പെരുന്നാളാഘോഷങ്ങളിൽ ബന്ധു മിത്രാദികളെ വീടുകളിൽ ക്ഷണിച്ചു വരുത്താതെ പരമാവധി അവരവരുടെ കുടുംബാംഗളോടൊപ്പം മാത്രമായി ആഘോഷങ്ങൾ പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം പള്ളികളിലും മറ്റ് ആരാധാനാ കേന്ദ്രങ്ങളിലും അനുവദനീയമായ എണ്ണം ആൾക്കാർ മാത്രമേ പ്രാർത്ഥനാ ചടങ്ങുകളിലും മറ്റും പങ്കെടുക്കാൻ പാടുള്ളൂ.

കോവിഡ് ടി.പി.ആർ നിരക്ക് കുറയാത്ത ഈ സാഹചര്യത്തിൽ സർക്കാരും പോലീസും നിർദ്ദേശിക്കുന്ന സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങളോട് എല്ലാവരും സഹകരിക്കണമെന്നും വിലക്കു ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ

സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു.

## വീട്ടമ്മയേയും ബന്ധുവിനേയും ആക്രമിച്ച കേസിലെ ഒന്നാം പ്രതി പിടിയിൽ

തിരുവനന്തപുരം:- വിഴിഞ്ഞം നെല്ലിവിളയിൽ വീട്ടമ്മയേയും ബന്ധുവിനേയും ആക്രമിച്ച കേസിൽ ഒളിവിൽ കഴിഞ്ഞിരുന്ന ഒന്നാം പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വെണ്ണിയൂർ തെക്കേക്കര പുത്തൻ വീട്ടിൽ രഞ്ജു (32) നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. ഈ കേസിലെ രണ്ടാം പ്രതി ഷൈജുവിനെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

കഴിഞ്ഞ 10 ന് വൈകിട്ട് 3 മണിയ്ക്കാണ് സംഭവം നടന്നത്. വെങ്ങാനൂർ നെല്ലിവിള അമരിവിളയിൽ, ഭർത്താവ് വിദേശത്തായ വീട്ടമ്മയും മകനും മാത്രം താമസിക്കുന്ന വാടകവീട്ടിലാണ് അയൽവാസിയും നിരവധി ക്രിമിനൽ കേസ്സുകളിൽ പ്രതിയായ രഞ്ജുവും, മറ്റൊരു പ്രതിയായ ഷൈജുവും ചേർന്ന് ആക്രമണം നടത്തിയത്. രഞ്ജു വീട്ടമ്മയെ കടന്നുപിടിച്ച് തറയിൽ തള്ളിയിട്ട് മാനഭംഗപ്പെടുത്താൻ ശ്രമിച്ച സമയം, സംഭവം അറിഞ്ഞ് അവിടെ എത്തി തടയാൻ ശ്രമിച്ച വീട്ടമ്മയുടെ ബന്ധു സാബുവിനെ ഷൈജു വെട്ടുകത്തി കൊണ്ട് വെട്ടിപ്പരിക്കേൽപ്പിക്കുകയും ചെയ്തു. നിലവിളി കേട്ട് നാട്ടുകാർ എത്തിയപ്പോൾ പ്രതികൾ കടന്നുകളയുകയായിരുന്നു. മുമ്പ്



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത രഞ്ജു (32)

പല പ്രാവശ്യവും രഞ്ജു വീട്ടമ്മയ്ക്ക് നേരെ ലൈംഗികാതിക്രമത്തിന് ശ്രമിച്ചിട്ടുണ്ട്. ഈ വിവരം ഭർത്താവിനെ അറിയിക്കുകയും ഭർത്താവിന്റെ നിർദ്ദേശപ്രകാരം വാർഡ് മെമ്പർ ഇടപെട്ട് ഇയാളെ പറഞ്ഞു വിലക്കിയതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. വിഴിഞ്ഞം എസ്.എച്ച്.ഒ പ്രജീഷ് ശശി, എസ്.ഐ–മാരായ സമ്പത്ത്, വിനോദ്, സി പി ഓ മാരായ കൃഷ്ണകുമാർ, അജികുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# സ്ത്രീയുടെ മാല പിടിച്ചു പറിച്ച പ്രതി പിടിയിൽ

തിരുവനന്തപുരം:- കുമാരപുരത്ത് സ്ത്രീയുടെ സ്വർണമാല പിടിച്ചുപറിച്ച പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കാരോട് വെളിയങ്കോട്ടുകോണം തിരിച്ചിറവിള വീട്ടിൽ ആഷ് വിൻ (29) –നെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്.

ഞായറാഴ്ച രാവിലെ 11 മണിക്കാണ് സംഭവം നടന്നത് കുമാരപുരം കലാകൗമുദി റോഡിലൂടെ നടന്നു



മെഡിക്കൽകോളേജ് പോലീസ് അറസ്റ്റ് ചെയ്ത ആഷ് വിൻ (29)

വരികയായിരുന്ന പട്ടം സ്വദേശിനി 62 വയസുള്ള അംബികാ കുമാരിയെ തടഞ്ഞു നിർത്തിയ പ്രതി, അവർ ധരിച്ചിരുന്ന 3 പവൻ തൂക്കമുള്ള സ്വർണ്ണമാല പിടിച്ചു പറിച്ചു കടന്നു കളയുകയായിരുന്നു. സംഭവം നടന്നയുടനെ ഫോൺ മുഖാന്തിരം ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കോളേജ് പോലീസ്

സമീപസ്ഥലത്തു നിന്നും പ്രതിയെ പിടികൂടിയത്. മെഡിക്കൽ കോളേജ് പരിസരത്ത് തന്റെ  കാർ പാർക്ക് ചെയ്ത ശേഷം നടന്നു വന്നാണ് പ്രതി മോഷണം നടത്തിയത്. സമാന രീതിയിൽ ഇയാൾ കൂടുതൽ മോഷണങ്ങൾ നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തുമെന്ന് കമ്മീഷണർ അറിയിച്ചു. മെഡിക്കൽകോളേജ് എസ്.എച്ച്.ഒ ഹരിലാൽ, എസ്.ഐ മാരായ പ്രശാന്ത്,   രതീഷ്, ഷജീം, എസ്.സി.പി.ഒ മാരായ ജ്യോതി.കെ നായർ, നൗഫൽ, അരുൺ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

തിരുവനന്തപുരം സിറ്റി

18-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി